പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1227 — 04.12.2014-ലെ മറുപടിക്ക്

## കരുണാ എസ്റ്റേറ്റ് സ്വന്തമാക്കിയ വനഭൂമി

**ചോദ്യം**
ശ്രീ. വി. ചെന്താമരാക്ഷൻ

**മറുപടി**
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ലിയാമ്പതി വനഭൂമി കരുണാ എസ്റ്റേറ്റ് സ്വന്തമാക്കിയത് സംബന്ധിച്ച് റവന്യൂ വകുപ്പ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ ; എങ്കിൽ എന്ന് ; അന്വേഷണം നടത്താൻ ചുമതലപ്പെടുത്തിയത് ആരെയൊക്കെയാണ്; ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (എ) | ഉണ്ട്. 14/07/2014 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3173/2014/റവന്യൂ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിനായി ലാന്റ് ബോർഡ് സെക്രട്ടറിയേയും, സെക്രട്ടറിയെ പ്രസ്തുത അന്വേഷണത്തിൽ സഹായിക്കാനായി ശ്രീമതി. ഷീബാ ജോർജ്ജിനേയും (എ.ഒ., ഐ.എൽ.ഡി.എം., തിരുവനന്തപുരം) അവരുടെ അഭാവത്തിൽ ശ്രീമതി.എം. അഞ്ജന, അസിസ്റ്റന്റ് കമ്മീഷണർ, (ഡി.എം.), ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തിരുവനന്തപുരത്തേയും ചുമതലപ്പെടുത്തിയിരുന്നു. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1-ൽ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പ്രസ്തുത സംഘത്തോട് എന്തെല്ലാം കാര്യങ്ങൾ അന്വേഷിക്കുവാനായി ആവശ്യപ്പെട്ടിട്ടുണ്ട് ; അന്വേഷണ റിപ്പോർട്ട് ലഭിക്കുകയുണ്ടായോ ;എങ്കിൽ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ? | (ബി) | അന്വേഷണ വിധേയമാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച ചോദ്യാവലിയുടെ പകർപ്പ് അനുബന്ധം 2 ൽ ഉള്ളടക്കം ചെയ്യുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

15

അനുബന്ധം - 1

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - നെല്ലിയാമ്പതി കരുണ എസ്റ്റേറ്റിന് കരം സ്വീകരിക്കുന്നതിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട പരാതിയിൻമേൽ അന്വേഷണ ഉദ്യോഗസ്ഥരെ നിയമിച്ച് കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(സാധാ). 3173/14/റവ. തിരുവനന്തപുരം, തീയതി 14-07-2014

---

പരാമർശം:- 28-05-2014 ലെ ചിറ്റൂർ അഡീഷണൽ തഹസീൽദാരുടെ എച്ച്.2-2013/10327/09/200 നമ്പർ നടപടി ക്രമം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

## ഉത്തരവ്

ബഹുമാനപ്പെട്ട കേരള നിയമസഭയിൽ പോബ്സൺ ഗ്രൂപ്പിന്റെ കൈവശത്തിലുള്ള 800 ഏക്കറോളം വരുന്ന നെല്ലിയാമ്പതി കരുണ എസ്റ്റേറ്റ് ഭൂമിയ്ക്ക് നെന്മാറ ഡി.എഫ്.ഒ നൽകിയ അനുമതിയുടെ അടിസ്ഥാനത്തിൽ കരം സ്വീകരിക്കുന്നതിന് ചിറ്റൂർ അഡീഷണൽ തഹസീൽദാർ ഉത്തരവ് നൽകിയതിനെതിരെ പരാമർശം ഉണ്ടായി. തുടർന്ന് വിവിധ പത്ര – ദൃശ്യ മാധ്യമങ്ങളിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വന്ന റിപ്പോർട്ടുകളിൽ പ്രസ്തുത ഭൂമിയിലെ കരം സ്വീകരിച്ച പ്രവൃത്തി സംശയാസ്പദമാണെന്നും, റവന്യൂ വകുപ്പിന് വീഴ്ചയുണ്ടായതായും പറയുന്നു. ടി എസ്റ്റേറ്റിന്റെ കരം സ്വീകരിക്കാൻ എൻ.ഒ.സി നൽകുന്നതിനു മുൻപ് ടി ഭൂമിയിൽ സർക്കാരിൽ നിക്ഷിപ്തമാകേണ്ട ഭൂമി ഉൾപ്പെടുന്നുണ്ടോ എന്നും ടി പ്രവൃത്തിയിൽ കേരള ഭൂപരിഷ്കരണ നിയമം / ചട്ട ലംഘനം ഉണ്ടായോ എന്നും പരിശോധിക്കേണ്ടതാണെന്നും സർക്കാർ കാണുന്നു.

പ്രസ്തുത സാഹചര്യത്തിൽ പോബ്സൺ ഗ്രൂപ്പിന്റെ കൈവശത്തിലുള്ള 800 ഏക്കറോളം വരുന്ന കരുണ എസ്റ്റേറ്റിലെ ഭൂമിയിൽ സർക്കാരിൽ നിക്ഷിപ്തമാകേണ്ട ഭൂമിയുടെ വിസ്തൃതി കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനും, പ്രസ്തുത ഭൂമിയുടെ കരം സ്വീകരിക്കുന്നതിലും, റവന്യൂ വകുപ്പിന് കേരള ഭൂപരിഷ്കരണ നിയമം / ചട്ട പ്രകാരം നടപടി സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നും അന്വേഷണം നടത്തി ഒരാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി

...... 2

ശ്രീമതി.മേരിക്കുട്ടി.പി. (സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം) യെയും അവരെ സഹായിക്കുന്നതിനായി ശ്രീമതി.ഷീബാ ജോർജ്ജിനെയും (എ.ഒ, ഐ.എൽ.ഡി.എം, തിരുവനന്തപുരം) അവരുടെ അഭാവത്തിൽ ശ്രീമതി.എം,അഞ്ജന (അസിസ്റ്റന്റ് കമ്മീഷണർ (ഡി.എം), ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം) യെയും ചുമതലപ്പെടുത്തി സർക്കാർ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഇ.കെ.മാജി

ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ശ്രീമതി.മേരിക്കുട്ടി.പി., സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം

ശ്രീമതി.ഷീബാ ജോർജ്ജ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം.

ശ്രീമതി.എം.അഞ്ജന (അസിസ്റ്റന്റ് കമ്മീഷണർ (ഡി.എം), ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം) (They are requested to proceed Palakkad to conduct an enquiry as above on Monday ie. 14-07-2014and an illustrative terms of reference for enquiry is enclosed).

ജില്ലാ കളക്ടർ, പാലക്കാട്

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ ആന്റ് ഇ), തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം-II

## അന്വേഷണ വിധേയമാക്കേണ്ട വസ്തുതകൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ

അന്വേഷണ വിധേയമാക്കേണ്ട 'ഭൂമി' അഥവാ 'എസ്റ്റേറ്റ്' മദിരാശി പ്രസിഡൻസിയിലോ തിരുവിതാംകൂർ കൊച്ചി രാജ്യത്തിലോ ഉൾപ്പെടുന്നു എന്നത് സംബന്ധിച്ച്.

ടി ഭൂമി നികുതി കെട്ടുന്ന ഭൂമിയാണോ അല്ലയോ. അല്ലെങ്കിൽ Kerala Lease and Grants Modification of Right Act പ്രകാരം പാട്ടത്തിന് നൽകിയിട്ടുള്ളതാണോ ;

റവന്യൂ രേഖകൾ പ്രകാരമോ സിവിൽ കോടതി വിധികൾ പ്രകാരമോ ഭൂമിയുടെ തർക്കമറ്റ ജന്മാവകാശം ആർക്കാണ് സിദ്ധിച്ചിട്ടുള്ളത് ; ആയതിന് ആധാരമായ രേഖകൾ സംബന്ധിച്ച് ;

07.12.1889 മുതൽ ടി ഭൂമി പാട്ടമായി നൽകുന്നതിന് അവകാശം ആർക്കായിരുന്നു ; ആര് ആർക്ക് നൽകി എന്നും കാലാവധി സംബന്ധിച്ച് ;

07.12.1889 – ൽ പാട്ടം നൽകിയത് വെണ്ടനാട് കോവിലകം എന്ന് രേഖപ്പെടുത്തുന്നതിനും, 09.05.2008 ൽ ജന്മാവകാശം കൈമാറുന്നതിന് കൊല്ലംകോട് കോവിലകം എന്നും രേഖപ്പെടുത്തുന്നതിനും ഉണ്ടായ കാരണം ;

ശ്രീ.എൻ.കെ.ജോസഫിന് പാട്ടാവകാശം കൈമാറി നൽകിയത് Amalgamated Coffee Estate Pvt. Ltd. ആണെന്ന് കാണുന്നു. ടി കമ്പനിയ്ക്ക് ഭൂമി പാട്ടത്തിന് എപ്പോൾ ; എങ്ങനെ ലഭിച്ചു ;

1963 ലെ കേരളാ ഭൂപരിഷ്കരണ നിയമത്തിന്റെ വിവിധ വകുപ്പുകളിൽ പ്രസക്തമായ തീയതികളിൽ ഭൂമിയുടെ ഉടമ അഥവാ കൈവശക്കാർ ആരാണ് എന്ന് പരിശോധിക്കുക ;

28.10.1969 -ലെ പാലക്കാട് സബ് രജിസ്ട്രാർ മുഖാന്തിരം രജിസ്റ്റർ ആക്കിയ 2676/1969 -ാം നമ്പർ പ്രമാണ പ്രകാരം പാട്ട അവകാശം എൻ.കെ.ജോസഫിന് കൈമാറുന്നതിന് Amalgamated Coffee Estate Pvt. Ltd. എന്ന കമ്പനിയ്ക്കും നിയമപരമായ അവകാശം സംബന്ധിച്ചും ടി കമ്പനി ഇന്ത്യയിൽ രജിസ്റ്റർ ചെയ്യുകയും ലാന്റ് ട്രൈബ്യൂണൽ മുഖാന്തിരം Tenancy Right സമ്പാദിച്ചത് സംബന്ധിച്ചും ;

ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളതാകയാൽ ഭൂ പരിഷ്കരണ നിയമത്തിന്റെ 72-ാം വകുപ്പ് പ്രകാരം സർക്കാരിനെ സമീപിച്ച് പാട്ടഭൂമിയിൽ നിന്നും തോട്ട ഭൂമിയാണെങ്കിൽ 30 ഏക്കറും, തോട്ട ഭൂമിയല്ല എങ്കിൽ 15 ഏക്കർ ഭൂമിയും കഴിച്ച് ബാക്കി സർക്കാരിലേക്ക് നിക്ഷിപ്തമാക്കിയിരുന്നോ എന്നത് സംബന്ധിച്ച് ;

28.10.1969 -ലെ പാട്ട കൈമാറ്റം. 15.09.1963 ന് ശേഷമുള്ള ഭൂസംരക്ഷണ നിയമത്തിന്റെ പ്രവർത്തനത്തെ പരാജയപ്പെടുത്തുവാൻ വേണ്ടി ചെയ്തിട്ടുള്ള കൈമാറ്റമാണോ എന്ന് 84 - ാം വകുപ്പിന്റെ വെളിച്ചത്തിൽ പരിശോധിക്കുക ;

28.10.1969 -ലെ പാട്ട കൈമാറ്റത്തിന് Amalgamated Coffee Estate Pvt. Ltd. 1947 ലെ ഇന്ത്യൻ വിദേശ വിനിമയ ചട്ടങ്ങൾക്കും മറ്റു നിയമങ്ങൾക്കും വിധേയമാണോ എന്നും ആയതിന്റെ രജിസ്ട്രേഷൻ സംബന്ധിച്ചും ;

28.10.1964 -ൽ Amalgamated Coffee Estate Pvt. Ltd. , എന്ന കമ്പനിശ്രീ.എൻ.കെ.ജോസഫ് മുതൽ പേർക്ക് ഭൂമിയുടെ പാട്ട അവകാശം കൈമാറിയതും, 16.04.1979 -ൽ ശ്രീ.എൻ.കരുണാകരൻ, മാനേജിംഗ് ഡയറക്ടർ, കരുണാ പ്ലാന്റേഷൻസിന് കൈമാറിയതും ; 1988 ലെ ഓഹരി കൈമാറ്റത്തിലൂടെയും, തർക്കത്തിനാസ്പദമായ ഭൂമിയുടെ കൈവശം Poabs Estate Pvt.Ltd. ന് ലഭിച്ചത് സംബന്ധിച്ചും ;

ചിറ്റൂർ താലൂക്ക് ലാന്റ് ബോർഡ് SM.6/2000 കേസ് രജിസ്റ്റർ ചെയ്ത നടപടി ക്രമത്തിലെ ഭൂഉടമ അല്ലെങ്കിൽ കൈവശക്കാരെ സംബന്ധിച്ച് 2000 ൽ ടി TLB കേസ് എടുത്തതിന് ഉണ്ടായ സാഹചര്യം ;

01.04.1964 ൽ പ്ലാന്റേഷൻ എന്ന ഗണത്തിൽപ്പെടുത്തി 81(1) (e) Exemption SM.6/2000 -രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് പരിശോധിച്ചിരുന്നില്ലേ ; മുൻ പാട്ടക്കാർക്കെതിരെ TLB കേസ് 85(5) അഥവാ 85(7) പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ ;

അനധികൃത ഭൂമി കൈയ്യേറ്റവുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ രൂപീകരണവും, കണ്ടെത്തലും, ശുപാർശയും സംബന്ധിച്ച് ;

മുൻ രേഖകൾ പ്രകാരം 12.01.2007 വരെ ഭൂനികുതി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ഏത് അടിസ്ഥാനത്തിൽ എന്ന് ;

പാട്ടക്കാരിൽ നിന്നും എപ്പോഴെങ്കിലും കരം ഈടാക്കിയിരുന്നോ എന്നത് സംബന്ധിച്ച്.

S.O